**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4466** **10-08-2021 - ൽ മറുപടിയ്ക്ക്**

**ബയോഗ്യാസ് പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്ന ഉപഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദീകരിക്കുമോ; | (എ) | ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്ലാന്റിന്റെ വലുപ്പമനുസരിച്ച് ധനസഹായം നൽകുന്നു. കൂടാതെ ഉപഭോക്താക്കൾക്ക് ബയോ ഗ്യാസ് പ്ലാന്റിന്റെ ഉപയോഗവും പരിപാലനവും സംബന്ധിച്ച പരിശീലനവും നൽകുന്നുണ്ട്. കേന്ദ്ര - സംസ്ഥാന ധനസഹായം സംബന്ധിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | കേന്ദ്രസഹായത്തിന് പുറമേ , 2019-2020 മുതൽ സംസ്ഥാന സർക്കാർ 2M3 - 6M3 വരെയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ജനറൽ വിഭാഗത്തിന് 8,000/- രൂപയും , പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 9,000/- രൂപയും അധിക സഹായമായി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പ്ലാന്റിന്റെ വലിപ്പമനുസരിച്ചുള്ള ധനസഹായം സംബന്ധിച്ചുള്ള വിവരം**

## കേന്ദ്ര സഹായം

| I. പ്ലാന്റ് നിർമ്മാണത്തിനു വേണ്ടി : | | | | | | |
|---|---|---|---|---|---|---|
| ക്രമ നം. | വിഭാഗം | വലിപ്പം | | | | |
| | | 1 $M^3$ (രൂപ) | 2 $M^3$ - 6 $M^3$ (രൂപ) | 8 $M^3$ - 10 $M^3$ (രൂപ) | 15 $M^3$ (രൂപ) | 20 - 25 $M^3$ (രൂപ) |
| 1 | പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗം | 10,000 | 13,000 | 18,000 | 21,000 | 28,000 |
| 2 | ജനറൽ | 7,500 | 12,000 | 16,000 | 20,000 | 25,000 |
| II . അധിക ആനുകൂല്യമായി : | | | | | | |
| | ടോയ് ലെറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റിന് | 1,600 | 1,600 | 1,600 | NIL | NIL |

## സംസ്ഥാന സഹായം

| ക്രമ നം. | വിഭാഗം | പ്ലാന്റിന്റെ വലിപ്പം (2 $M^3$ - 6 $M^3$) |
|---|---|---|
| 1 | ജനറൽ | 8,000/- രൂപ |
| 2 | പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗം | 9,000/- രൂപ |